Page 1 of 1

## മൃഗസംരക്ഷണ ഓഫീസിലെ പാർട്ട്ടൈം സ്വീപ്പർ തസ്തിക

**217 (3447)** ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ പാർട്ട്ടൈം സ്വീപ്പർ തസ്തികയിലെ എത്ര ഒഴിവുകളിലേക്കാണ് 2012 ഏപ്രിൽ മാസത്തിൽ ഇന്റർവ്യൂ നടത്തിയതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭ്യമായ ലിസ്റ്റ് പ്രകാരം ഓപ്പൺ പ്രയോറിറ്റി, ഓപ്പൺനോൺ പ്രയോറിറ്റി വിഭാഗത്തിലുള്ളവരുടെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ തീയതി, അഡ്രസ്, ജനന തീയതി മുൻഗണനാക്രമം എന്നിങ്ങനെയുള്ള പൂർണ്ണ വിവരം ലഭ്യമാക്കുമോ ;

(സി) മേൽപ്പറഞ്ഞ പ്രയോറിറ്റിയിൽപ്പെട്ടവരിൽ നിയമനം ലഭിച്ചവരുടെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ തീയതി, അഡ്രസ്, ജനന തീയതി, മുൻഗണനാ ക്രമം എന്നിവ ലഭ്യമാക്കുമോ ;

(ഡി) ഓപ്പൺ പ്രയോറിറ്റി, ഓപ്പൺ നോൺ പ്രയോറിറ്റി എന്നിവയിലുൾപ്പെടുന്ന ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 15 ഒഴിവുകൾ.

(ബി) ലഭ്യമാക്കാം-അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(സി) ലഭ്യമാക്കാം-ഓപ്പൺ പ്രയോറിറ്റി, ഓപ്പൺനോൺ പ്രയോറിറ്റി വിഭാഗത്തിൽ നിയമനം ലഭിച്ച 7 പേരുടെ വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(ഡി) പാർട്ട്ടൈം സ്വീപ്പർമാരെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട് 23-4-2012-ന് ചേർന്ന സെലക്ഷൻ കമ്മിറ്റി യോഗ തീരുമാനങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

## ഫാം ഇൻഫർമേഷൻ ബ്യൂറോ

**218 (3448)** ശ്രീ. വി. ശിവൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തതിനു ശേഷം സംസ്ഥാന കൃഷി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഫാം ഇൻഫർമേഷൻ ബ്യൂറോ കാർഷിക വിജ്ഞാന വ്യാപനരംഗത്ത് നടപ്പിലാക്കിയ പദ്ധതികളെയും പരിപാടികളെയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly